# കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | LFKP 14/GP-30/14 തീയതി 31.12.2014 |

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഗ്രാമ പഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

ഗ്രാമ പഞ്ചായത്ത് 1.04.14 മുതൽ 20.06.15 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 22.06.15 മുതൽ 30.06.15 വരെ | ശ്രീ. രാധാകൃഷ്ണൻ എം.എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി. ഇന്ദുലേഖ എ., അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഉണ്ണിക്കൃഷ്ണൻ സി., സീനി. ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. യോഗേഷ് ആർ., ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.സുരേന്ദ്രനാഥപണിക്കർ, 01.04.13 to 31.03.14 |
| സെക്രട്ടറി | ശ്രീ.പി.വി.മാത്യ, 01.04.13 to 14.07.13 വരെയും 13.09.13 മുതൽ 31.03.14 വരെയും<br>ശ്രീ.വിജി ഷാജി, അസി.സെക്രട്ടറി, 15.07.13 മുതൽ 12.09.13 വരെ അധികച്ചുമതല |

### സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | |
|---|---|
| വികസനകാര്യം | ശ്രീമതി. റജീന സജി |
| ക്ഷേമ കാര്യം | ശ്രീമതി. ഷീബ സോബി |
| ആരോഗ്യ വിദ്യാഭ്യാസം | ശ്രീ.ഷെരീഫ് |
| ധനകാര്യം | ശ്രീമതി. മണിയമ്മ |

### നിർവ്വഹണോദ്യോഗസ്ഥർ

| |
|---|
| സെക്രട്ടറി |
| അസിസ്റ്റന്റ് എഞ്ചിനിയർ |
| അഗ്രിക്കൾച്ചർ ഓഫിസർ |
| വി. ഇ. ഒ. |
| ഡയറി എക്സ്ററൻഷൻ ഓഫിസർ |
| വെറ്ററിനറി സർജൻ |
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| എച്ച്. എം., ഗവ. എൽ. പി. സ്കൂൾ, മാടപ്പള്ളി |
| എം. ഒ., പി. എച്ച്. സി. |

| |
|---|
| എം. ഒ., ഹോമിയോ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ് .

**ഭാഗം 1 : പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും.

**ഭാഗം 2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധ പത്രികകൾ**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്,
2. ബാലൻസ് ഷീറ്റ്,
3. റെസീപ്റ്റ് & പേമെന്റ് അക്കൗണ്ട്,
4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്.

## ഭാഗം-1 പൊതുഅവലോകനം

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 26.03.2013 തീയതിയിലെ 1- നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,00,78,500 |
| വരവ് | 11,82,48,050 |
| ആകെ | 13,83,26,550 |
| ചെലവ് | 13,78,10,500 |
| നീക്കിയിരിപ്പ് | 13,83,26,560 |

ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (-)(+) |
| വരവ് | 13,83,26,550 | 61422850 | | 56825200 | 48 |
| ചെലവ് | 13,78,10,500 | 59607976 | | 78202525 | 57 |

യാഥാർത്ഥ്യബോധത്തോടെ ബജറ്റു തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ വരവു-ചെലവു കണക്കുകൾ ഓഡിറ്റു ചെയ്തതിൽ 5,745/-ഗ്രാമ പഞ്ചായത്തിന്റെ വരവിനങ്ങളിൽ നഷ്ടമുണ്ടായതായും 1,97,137/-രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധം ചെലവഴിച്ചതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 6,11,843/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. (വിശദ വിവരത്തിനു റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലേയ്ക്കു ശ്രദ്ധ ക്ഷണിക്കുന്നു.)

**പദ്ധതി അംഗീകാരത്തിനുശേഷം ബജറ്റ് പുതുക്കിയില്ല**

ഓരോ സാമ്പത്തിക വർഷത്തെയും തദ്ദേശ സ്വയം ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പദ്ധതിക്ക് അംഗീകാരം ലഭിച്ച ശേഷം ബജറ്റ് പുതുക്കാതിരുന്നത് പദ്ധതി ആസൂത്രണ മാർഗരേഖ ഖ .നം-14 ന്റെ ലംഘനമാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകാരം ലഭിക്കുന്നതിന് മുൻപായി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലായെങ്കിൽ,അംഗീകാരം ലഭിച്ചയുടൻ പദ്ധതികൂടിയുൾപ്പെടുത്തി ബജറ്റ് പുതുക്കി തയാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്.

## 1-2 ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനം ഏറെക്കുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ കാര്യക്ഷമമായും, കാലവിളംബം കൂടാതെയും നൽകുന്നതിൽ പഞ്ചായത്തിലെ ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.എന്നാൽ വിവിധഇനം നികുതികളുംഫീസുകളും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.

## 1-3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

**വരവിനങ്ങളുടെ രജിസ്റ്ററുകൾ**

വരവിനങ്ങളായ തൊഴിൽ നികുതി, വാടക എന്നിവയുടെ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ വാർഡുതലത്തിലുള്ള ഡിമാൻഡുകൾ തയാറാക്കാതെ ലൈസൻസിനായി പഞ്ചായത്തിനെ സമീപിക്കുന്നവരുടെ ക്രമത്തിൽ പോസ്റ്റിംഗുകൾ നടത്തിയിരിക്കുന്നു. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസ് തൊഴിൽ നികുതി എന്നിവയ്ക്ക് പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല.

## 1-4 തനത് ഫണ്ട് ചെലവ് പരിശോധന

എസ്റ്റാബ്ളിഷ്മെന്റ് ചെലവുകളുടെ അനുബന്ധരേഖകളും, രജിസററുകളും - അക്വിറ്റൻസ് റോൾ, പേ ബിൽ രജിസ്ററർ - എന്നിവ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ട്. തൻവർഷം അഡ്വാൻസ് രജിസ്റ്ററിൽ വിവിധ അഡ്വാൻസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ രജിസ്റ്ററിൽ അപേക്ഷകൾ സമർപ്പിച്ച തീയതി, പരിശോധനയ്ക്കായി നിർവഹണോദ്യോഗസ്ഥന് കൈമാറിയ തീയതി, നിർവഹണോദ്യോഗസ്ഥൻ തിരികെ നല്കിയ തീയതി, പെൻഷൻ അനുവദിച്ച തീയതി എന്നിവ നിലവിൽ രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നില്ല. ആയവ റജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

കോട്ടയം ജില്ലാ ആസൂത്രണസമിതിയുടെ 812/13/DPC/DPO/KTM തീ. 05.05.2014 നടപടിക്രമങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ വിഭാവനം ചെയ്ത 131 പ്രോജക്റ്റുകളും പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തിയ 26 പ്രോജക്റ്റുകളും പട്ടിക വർഗ്ഗ ഉപപദ്ധതിയിലുൾപ്പെടുത്തിയ 3 പ്രോജക്ടുകളും ഉൾപ്പെടുന്നു. (ആകെ 155) എന്നാൽ 108 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശ്ശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് 2013-14 വർഷത്തെ പദ്ധതി തയ്യാറാക്കിയത് എന്ന് കാണുന്നു. വർക്കിങ്ങ് ഗ്രൂപ്പുകൾ അവരവരുടെ വിഷയം സംബന്ധമായചുമതലകൾപൂർണ്ണമായുംനിറവേറ്റിയിട്ടില്ല. വർക്കിങ്ങ്ഗ്രൂപ്പുകൾ രൂപികരിച്ചിട്ടുണ്ടെങ്കിലും അവ പ്രത്യേകം യോഗം ചേർന്നിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, ലീഡ് ബാങ്കുകളുമായി ചർച്ച, സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം എന്നിവ നടത്തിയിട്ടുണ്ട്.

പഞ്ചായത്തിന് ലഭിച്ച വിവിധ സർക്കാർ വിഹിതങ്ങളുടെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 30712+99318 =130030 | 12030000 | 12160030 | 10807054 | 1352976 | 89 |
| „ - എസ്.സി.പി. | 1343803 | 5926000 | 7269803 | 5879814 | 1389989 | 81 |
| „ - റ്റി.എസ്.പി. | 177000 | 200000 | 377000 | 13217 | 363788 | 3 |
| സി.എഫ്.സി.ഗ്രാന്റ് | 707431 | 5533000 | 6242222 | 6031245 | 210977 | 97 |
| കെ.എൽ.ജി.എസ്.ഡി.പി | 2405638 | 2993000 | 5398638 | 3968727 | 1429911 | 74 |
| എം.ജി (റോഡ്) | 552378 | 5408000 | 5960378 | 5821183 | 139195 | 90 |
| എം.ജി(നോൺ റോഡ്) | 1376077 | 2824000 | 4200077 | 4189243 | 150029 | 90 |
| **ആകെ** | **6692357** | **34914000** | **41608148** | **36710483** | **5036865** | |

## 1-6 പദ്ധതി നിർവ്വഹണം

**എ.നേട്ടങ്ങൾ**

- ആകെ വാർഷിക പദ്ധതി ചെലവ് 65% ആയിരുന്നെങ്കിലും പദ്ധതിവിഭാഗം (ജനറൽ) ചെലവ് 89 ശതമാനവും സംരക്ഷണഗ്രാന്റ് 90 ശതമാനവും ആയിരുന്നു.
- ചെറുകിട കർഷകർക്ക് പ്രാത്സാഹനം നൽകുന്ന പ്രോജക്ടുകൾ വിജയകരമായിരുന്നു.
- മൃഗസംരക്ഷണ മേഖലയിലും നേട്ടങ്ങൾ കൈവരിച്ചു. സ്കൂളുകളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്.
- ആരോഗ്യ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് വിജയകരമായി പൂർത്തീകരിച്ചു.
- അഗതി കുടുംബങ്ങൾക്കായി ആശ്രയ പദ്ധതിയിൽ കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.
- തെങ്ങണയിൽ പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് അത്യാധുനിക സൗകര്യമുള്ള മാർക്കറ്റും മിനി സിവിൽസ്റ്റേഷൻ അടക്കമുള്ള മാസ്റ്റർ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.
- പ്രോജക്ട് വരും വർഷങ്ങളിൽ സ്പിൽ ഓവറായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ബി.കോട്ടങ്ങൾ**

- പട്ടികവർഗ്ഗ ഫണ്ട് 3% മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.
- നെൽകൃഷി ചെയ്യുന്നതിന് തരിശുഭൂമി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

- രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്തിയിട്ടില്ല.
- ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.
- 3,58,000/- രൂപ ചെലവഴിച്ച് ഇ-ഗവേർണൻസ് പരിപാടികൾക്കായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി എങ്കിലും പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയിട്ടില്ല.

**സി. ഗ്രാമസഭ**

പതിനെട്ട് വാർഡുകളിലും പദ്ധതിരൂപീകരണം, ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് രണ്ട് ഗ്രാമസഭകൾ വീതം മാത്രമാണ് സംഘടിപ്പിക്കപ്പെട്ടത്. മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭായോഗം ചേരണം എന്ന പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നാം വകുപ്പിന്റെ ലംഘനമാണിത്. സാമൂഹിക സുരക്ഷിതത്വ പെൻഷൻ അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുമ്പോൾ ആയതിന് ഗ്രാമസഭയുടെ അംഗീകാരം തേടുന്നില്ല.വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ചചെയ്യപ്പെടുകയോ ചെയ്യുന്നില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ മിനിട്ട്സ് ബുക്കിൽ ഗ്രാമസഭാ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തിയിട്ടില്ല. യോഗങ്ങളുടെ മിനിട്ട്സ് ഗ്രാമസഭാംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗമിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഗ്രാമസഭകളുടെ ശാക്തീകരണത്തിനായി അയൽസഭകൾ സംഘടിപ്പിച്ചിട്ടില്ല.

**ഡി. ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല**

എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന പദ്ധതി നിർദ്ദേശം 2013-14 വർഷംനടപ്പാക്കിയിട്ടില്ല. എന്നാൽ സേവാകേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള നടപടി 2014-15 സാമ്പത്തികവർഷം സ്വീകരിച്ചിട്ടുണ്ട്.

**ഇ. മെയിന്റനൻസ് പ്ളാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല**

മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡിതര, റോഡ് ആസ്തികളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് പ്ളാൻ തയ്യാറാക്കിയിട്ടില്ല.

**ഭാഗം-2**

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം -2**

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ചെക്ക് ഡി.ഡി മുഖേനയുള്ള വരവുകളുടെ കളക്ഷൻ ചാർജ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വരവിനങ്ങളായ തൊഴിൽനികുതി , വാടക എന്നിവ വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചെക്ക് ഡി.ഡി എന്നിവ മുഖേന സ്വീകരിക്കുന്നുണ്ട്. മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ഇത്തരം ചെക്ക്, ഡി.ഡി മുതലായവ പണമായി മാറുമ്പോൾ ബാങ്ക് കളക്ഷൻ ചാർജ് ഈടാക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം | തുക നൽകിയ സ്ഥാപനം | ഇനം | ചെക്ക്/ഡി.ഡി നം/ തീയതി | തുക | വരവ് വന്ന തുക | കുറവ് |
|---|---|---|---|---|---|---|
| 11401500001/ 03.05.2014 | അക്കൗണ്ട്സ് ഓഫീസർ, ബിഎസ്എൻ.എൽ,കോട്ടയം | വാടക | 221987/ 19.04.14 | 15600 | 15540 | 60 |
| 11401500003/ 19.08.14 | എക്സ്ക്യൂട്ടീവ് എഞ്ചിനിയർ, ഇലക്ട്രിക്കൽഡിവിഷൻ, ചങ്ങനാശ്ശേരി | തൊഴിൽ നികുതി | 728520/ 12.08.14 | 41600 | 41520 | 80 |
| 11401500004/ 21.08.14 | എക്സ്ക്യൂട്ടീവ് എഞ്ചിനിയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശ്ശേരി | ,, | 728544/ 18.08.14 | 1250 | 1220 | 30 |
| 11401400003/ 22.08.14 | തഹസിൽദാർ, ചങ്ങനാശ്ശേരി | ,, | 649626/01.08.14 | 5500 | 5460 | 40 |
| 1140140004/ 22.08.14 | തഹസിൽദാർ, ചങ്ങനാശ്ശേരി | ,, | 649626/05.08.14 | 300 | 290 | 10 |
| 11401500005/ 28.08.14 | എസ്.ബി.റ്റി,മാമ്മൂട് | ,, | 735917/ 27.08.14 | 1250 | 1210 | 40 |
| 11401500006/ 29.08.14 | എസ്.ബി.റ്റി,മാമ്മൂട് | ,, | 735918/ 27.08.14 | 11050 | 11010 | 40 |
| 1140150008/ 30.08.14 | എസ്.ബി.റ്റി,മാടപ്പള്ളി | ,, | 543754/ 27.08.14 | 11300 | 11240 | 60 |

| | | | | | | |
|---|---|---|---|---|---|---|
| 11401500009/ 04.09.14 | എസ്.ബി.റ്റി,മാടപ്പള്ളി | ,, | 54373/ 27.08.14 | 1250 | 1210 | 40 |
| 11401500010/ 04.09.14 | ബിഎസ്എൻഎൽ,മാമ്മൂട് | ,, | 385080/ 25.08.14 | 8500 | 8460 | 40 |
| 11401400011/ 05.09.14 | ഫെഡറൽബാങ്ക്,തെങ്ങണ | ,, | 447778/ 29.08.14 | 5600 | 5560 | 40 |
| 11401400012/ 05.09.14 | ഫെഡറൽബാങ്ക്, തെങ്ങണ | ,, | 447779/ 29.08.14 | 1250 | 1210 | 40 |
| 11401100013, 11401100014/ 22.09.14 | സെൻട്രൽ ബാങ്ക്, പെരുമ്പനച്ചി | ,, | 41672/ 22.09.14 | 9250 | 9210 | 40 |
| 11401400010/ 28.02.15 | ജില്ലാ സഹകരണ ബാങ്ക്, മാടപ്പള്ളി | ,, | 330058 | 30150 | 29975 | 175 |
| | ആകെ | | | | | 735 |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ് ചട്ടങ്ങൾ 2011 ലെ ചട്ടം 21(2) പ്രകാരം മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ചെക്കുകളുടെ തുകയിൽ ബാങ്ക് ചാർജുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും അപ്രകാരം ബാങ്ക് ചാർജ് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം തുകകൾ പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബാങ്ക് ചാർജ് ഉൾപ്പെടെയുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2-1 വസ്തു നികുതി - അസ്സസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത്

പഞ്ചായത്തിന്റെ അസ്സസ്സ്മെന്റ്/ഡിമാൻഡ് രജിസ്റ്ററുകൾ, വരവ് വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ 2013-14 ഒന്നാം അർദ്ധവർഷ പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി 14-15 വർഷം വരെ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | നികുതി |
|---|---|---|---|
| 1 | 1/501 B | ലൈല, ചെന്തലക്കുന്നേൽ | 276 + 14 |
| 2 | 1/423 B | മാത്യു എബ്രഹാം | 938 + 48 |
| 3 | 1/253 B | കെ. ആർ. ശ്യാംകുമാർ | 1700 + 86 |
| 4 | 2/572 B | ഷീജ ബീവി | 618 + 32 |
| 5 | 2/515 B | പൊന്നമ്മ | 512 + 26 |
| 6 | 2/360 A | വാസുക്കുട്ടപ്പണിക്കർ | 432 + 22 |
| 7 | 2/508 | വിശ്വനാഥൻ | 1118 + 56 |
| 8 | 2/505 A | ചാൻസൻ K ജോയി | 1692 + 86 |
| 9 | 2/308 E | അജീഷ് ചെല്ലപ്പൻ | 335 + 15 |
| 10 | 3/20 D | ഷാബു ജോസഫ് | 1260 + 64 |
| 11 | 4/344 D | വർഗ്ഗീസ് തോമസ് | 999 + 50 |
| 12 | 4/176 E | മനോജ് S.K. | 685 + 34 |
| 13 | 4/384 B | P.D. വർഗ്ഗീസ് | 1208 + 62 |
| 14 | 4/88 D | സക്കീർ ഹുസൈൻ | 926 + 46 |
| 15 | 4/536 B | ഓമന ജോർജ്ജ് | 435 + 22 |
| 16 | 4/21 A | ചെറിയാൻ തോമസ് | 374 + 20 |
| 17 | 4/444 B | സോളി ഷിബു | 740 + 38 |
| 18 | 4/444 C | ജിജി സോണി | 740 + 38 |
| 19 | 4/380 A | ഫ്രാൻസിസ് കുര്യൻ | 568 + 28 |
| 20 | 5/72 | പ്രസിഡണ്ട്, കേരള കാക്കാല സർവ്വീസ് സൊസൈറ്റി | 1756 + 88 |
| 21 | 6/216 B | രാജഗോപാലൻ | 212 + 12 |
| 22 | 6/402 B | തോമസ് ജോസഫ് | 1107 + 55 |
| 23 | 9/382 C | റീന ജേക്കബ് | 228 + 12 |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി അടിയന്തിരമായി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2-2 വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

വസ്തുനികുതിയിനത്തിൽ വൻതുക ഗ്രാമപഞ്ചായത്തിന് കുടിശ്ശികയുള്ളതായി കാണുന്നു. ഇതിൽ 1995-96 മുതലുള്ള നികുതികൾ കുടിശ്ശികയായിട്ടുണ്ട്. 2013-14 വർഷം വിവിധ വാർഡുകളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിൽ ആകെ നികുതി

കൂട്ടി എഴുതിയിട്ടില്ലാത്തതിനാൽ ആകെ എത്ര തുക കുടിശ്ശികയുണ്ടെന്നും അത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം 12,03,681/- രൂപ കുടിശ്ശികയുണ്ട്. ദീർഘനാളായി വസ്തു നികുതി ഈടാക്കാത്ത വളരെയധികം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ട്. കൂടുതൽ വർഷങ്ങൾ കുടിശ്ശികയായ താരതമ്യേന വലിയ തുകകൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | നികുതി + ലൈബ്രറി സെസ്സ് | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | 1 /105 | 324+16 | 09 - 10 മുതൽ 5 വർഷം |
| 2 | 1 / 191 | 243+12 | 03 - 04 മുതൽ 11 വർഷം |
| 3 | 1 / 111 A | 195+10 | 02 - 03 മുതൽ 12 വർഷം |
| 4 | 1 / 600A | 243+12 | 04 - 05 മുതൽ 10 വർഷം |
| 5 | 1 / 663M | 2268+113 | 10 - 11 മുതൽ 4 വർഷം |
| 6 | 1 / 537B | 486+24 | 08 - 09 മുതൽ 6 വർഷം |
| 7 | 1 / 537C | 486+24 | 08 - 09 മുതൽ 6 വർഷം |
| 8 | 1 / 130A | 486+24 | 09 - 10 മുതൽ 5 വർഷം |
| 9 | 1 / 545B റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 324+16 | 09 - 10 മുതൽ 5 വർഷം |
| 10 | 1 / 16A | 1215+16 | 10 - 11 മുതൽ 4 വർഷം |
| 11 | 1 / 294B | 227+11 | 09 - 10 മുതൽ 5 വർഷം |
| 12 | 1 / 130 B | 972+49 | 09 - 10 മുതൽ 5 വർഷം |
| 13 | 1 / 499 B | 567+28 | 07 - 08മുതൽ 7 വർഷം |
| 14 | 2 / 447 A | 486+24 | 06 - 07മുതൽ 8 വർഷം |
| 15 | 3 / 27 | 195+10 | 02 - 03 മുതൽ 12 വർഷം |
| 16 | 3 / 618 | 405+20 | 08 - 09 മുതൽ 6 വർഷം |
| 17 | 3 / 695 | 260+13 | 01 - 02 മുതൽ 13 വർഷം |
| 18 | 3 / 467A | 308+16 | 03 - 04 മുതൽ 11 വർഷം |
| 19 | 3/ 27 A | 2699+135 | 08 - 09 മുതൽ 6 വർഷം |
| 20 | 3/291C | 324+16 | 06 - 07 മുതൽ 8 വർഷം |
| 21 | 3 / 467B | 648+32 | 09 - 10 മുതൽ 5 വർഷം |
| 22 | 3 /514B | 810+41 | 08 - 09 മുതൽ 6 വർഷം |
| 23 | 3/ 142 B | 842+42 | 07 - 08 മുതൽ 7 വർഷം |
| 24 | വർഗ്ഗീസ് തോമസ്, മുണ്ടുപാലത്തുങ്കൽ (കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ പുറം 90) | 243+12 | 97 - 98 മുതൽ 17 വർഷം |
| 25 | P.M. തോമസ്, പുതുപ്പറമ്പ് (കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ പുറം 90) | 486+24 | 97 - 98 മുതൽ 17 വർഷം |
| 26 | 4/41 | 292+15 | 09 - 10 മുതൽ 5 വർഷം |
| 27 | 4/382 | 243+12 | 09 - 10 മുതൽ 5 വർഷം |
| 28 | 4/537A | 472+49 | 08 - 09 മുതൽ 6 വർഷം |
| 29 | 5/395A | 324+16 | 04 - 05 മുതൽ 10 വർഷം |
| 30 | 5/462A | 567+28 | 07 - 08 മുതൽ 7 വർഷം |
| 31 | 6/337 | 389+20 | 07 - 08 മുതൽ 7 വർഷം |
| 32 | 6/423A | 357+18 | 09 - 10 മുതൽ 5 വർഷം |
| 33 | 6/91A | 162+8 | 03 - 04 മുതൽ 11 വർഷം |
| 34 | 6/373A | 324+16 | 07 - 08 മുതൽ 7 വർഷം |
| 35 | 6/521A | 810+41 | 07 - 08 മുതൽ 7 വർഷം |
| 36 | 6/5B | 162+8 | 04 - 05 മുതൽ 10 വർഷം |
| 37 | 6/446A | 486+24 | 04 - 05 മുതൽ 10 വർഷം |
| 38 | 6/490G | 243+12 | 07 - 08 മുതൽ 7 വർഷം |
| 39 | 6/342A | 486+25 | 08 - 09 മുതൽ 6 വർഷം |
| 40 | 6/104E to N | (778+38) x 10 | 10 - 11 മുതൽ 4 വർഷം |
| 41 | 6/402B | 486+24 | 09 - 10 മുതൽ 5 വർഷം |
| 42 | 6/338B | 1458+73 | 07 - 08 മുതൽ 7 വർഷം |
| 43 | 6/389E | 324+16 | 07 - 08 മുതൽ 7 വർഷം |
| 44 | 7/17C Reliance Infocom | 875+44 | 07 - 08 മുതൽ 7 വർഷം |
| 45 | 7/316A | 405+20 | 07 - 08 മുതൽ 7 വർഷം |
| 46 | 7/312A | 405+20 | 08 - 09 മുതൽ 6 വർഷം |
| 47 | 7/196B | 972+49 | 10 - 11 മുതൽ 4 വർഷം |
| 48 | 7/354A | 405+20 | 00 - 01 മുതൽ 14 വർഷം |
| 49 | 7/560A | 405+20 | 03 - 04 മുതൽ 11 വർഷം |
| 50 | 7/344A | 486+25 | 06 - 07 മുതൽ 8 വർഷം |
| 51 | 7/168E | 1296+65 | 06 - 07 മുതൽ 8 വർഷം |
| 52 | 8/482 | 389+20 | 08 - 09 മുതൽ 6 വർഷം |
| 53 | 8/437A1 | 324+16 | 02 - 03 മുതൽ 12 വർഷം |
| 54 | 8/437 B to E | 972+49 | 07 - 08 മുതൽ 7 വർഷം |
| 55 | 8/374B | 486+24 | 07 - 08 മുതൽ 7 വർഷം |
| 56 | 9/574 | 227+11 | 02 - 03 മുതൽ 12 വർഷം |
| 57 | 9/385A | 648+33 | 05 - 06 മുതൽ 9 വർഷം |
| 58 | 9/453A | 648+32 | 06 - 07 മുതൽ 8 വർഷം |
| 59 | 9/349A | 810+41 | 10 - 11 മുതൽ 4 വർഷം |
| 60 | 9/211A | 243+12 | 08 - 09 മുതൽ 6 വർഷം |
| 61 | 9/347B1 | 405+20 | 08 - 09 മുതൽ 6 വർഷം |
| 62 | 9/463A | 324+16 | 08 - 09 മുതൽ 6 വർഷം |

| | | | |
|---|---|---|---|
| 63 | 10/529A | 389+20 | 08 - 09 മുതൽ 6 വർഷം |
| 64 | 10/377B | 227+12 | 04 - 05 മുതൽ 10 വർഷം |
| 65 | 10/429A | 756+38 | 09 - 10 മുതൽ 5 വർഷം |
| 66 | 10/17A | 972+49 | 10 - 11 മുതൽ 4 വർഷം |
| 67 | 11/161A | 648+33 | 09 - 10 മുതൽ 5 വർഷം |
| 68 | 11/353G | 324+16 | 07 - 08 മുതൽ 7 വർഷം |
| 69 | 11/500B | 324+16 | 07 - 08 മുതൽ 7 വർഷം |
| 70 | 12/458A | 324+16 | 09 - 10 മുതൽ 5 വർഷം |

ഇത്തരത്തിൽ വസ്തുനികുതി ഇനത്തിൽ ലഭിക്കുവാനുള്ള ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3-1 തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) മിനി മുത്തൂറ്റ് , തെങ്ങണ (ഒന്നാം അർദ്ധവർഷം)

2) തെങ്ങണ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ (ഒന്നാം അർദ്ധവർഷം)

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-2 സ്ഥാപന തൊഴിൽ നികുതി ചുമത്തിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളെ 13-14 വർഷം അവയുടെ പേരിന് നേരെ സൂചിപ്പിക്കുന്ന അർദ്ധ വർഷങ്ങളിൽ / അർദ്ധ വർഷത്തിൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം-17 തീയതി-27.06.15). ടി സ്ഥാപനങ്ങളുടെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഗുഡ് ഷെപ്പേർഡ് ജൂനിയർ കോളേജ്, തെങ്ങണ | I & II |
| 2 | രാജീവ് ഗാന്ധി സെൻട്രൽ സ്കൂൾ, മാമ്മൂട് | I & II |
| 3 | മദർ തെരേസ സെൻട്രൽ സ്കൂൾ, മാമ്മൂട് | I & II |
| 4 | മിനി മുത്തൂറ്റ്, തെങ്ങണ | I |
| 5 | മാടപ്പള്ളി SCB -160 | I |
| 6 | കെ.എസ്സ്.ഇ.ബി, തെങ്ങണ | I & II |
| 7 | മാവേലി സ്റ്റോർ, തെങ്ങണ | I & II |
| 8 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, തെങ്ങണ | I & II |

## 2-3-3 ദേവസ്വം ബോർഡ് ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തെങ്ങണ മഹാദേവക്ഷത്രത്തിലെ ജീവനക്കാരുടെ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ടി ജീവനക്കാരെ ബന്ധപ്പെട്ട സബ് ഗ്രൂപ്പ് ഓഫീസുമായി ബന്ധപ്പെട്ട് നികുതി ഡിമാൻഡ് ചെയ്ത് നികുതി ഡിമാന്റ് ചെയ്യുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്.

## 2-3-4 സഹകരണ ബാങ്കിന്റെ ശാഖകളെ തൊഴിൽ നികുതി ചുമത്തുന്നില്ല.

മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ താഴെ പറയുന്ന ശാഖകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബാങ്ക് ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ബ്രാഞ്ചുകൾ |
|---|---|
| മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, നം-160 | 1) മാടപ്പള്ളി ബ്ലോക്ക് ജംഗ്ഷൻ<br>2) കുറുമ്പനാടം- വഴീപ്പടി<br>3) തെങ്ങണ |

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾ പ്രത്യേകം പ്രത്യേകം തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (7) (എ) ; തദ്ദേശ സ്വയം ഭരണസെക്രട്ടറിയുടെ 27/11/1998 ലെ 46915 / എൽ 2 /97 നംപർ കത്ത് എന്നിവ കാണുക. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്

ഈടാക്കേണ്ടതാണ്.

## 2-3-5 പഞ്ചായത്തിന്റെ പരിധിയിലെ നിരവധി തൊഴിലാളികൾ/ സ്വയം തൊഴിൽ ചെയ്യുന്നവർ/ സ്ഥാപനങ്ങൾ തൊഴിൽ നികുതി ചുമത്തലിൽ ഉൾപ്പെടുന്നില്ല.

തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ പരിധിയിൽ അറുപത് ദിവസത്തിൽ കൂടുതൽ തൊഴിലിലൊ, ബിസിനസ്സിലോ, കലാ പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും /സ്ഥാപനവും, തങ്ങളുടെ/ സ്ഥാപനത്തിന്റെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ടി നികുതി ചുമത്തലിന് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് - 204 പ്രകാരം പഞ്ചായത്തിന് നിയമപരമായി അധികാരമുണ്ടെന്നിരിക്കെ നിരവധി സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ചുമത്തലിൽ ഉൾപ്പെടുന്നില്ല. നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ട വിവിധ തൊഴിലിടങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)തെങ്ങണ, ഇല്ലിമൂട് തുടങ്ങി പഞ്ചായത്തിന്റെ പരിധിയിലെ വിവിധ കള്ളുഷാപ്പുകളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയിട്ടില്ല. മുഴുവൻ കള്ളുഷാപ്പുകളുടെയും ജീവനക്കരുടെയും വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്.

2)തെങ്ങണ സബ് രജിസ്റ്റാർ ഓഫീസിന്റെ പരിധിയിൽ നിരവധി ആധാരം എഴുത്തുകാർ തൊഴിൽ ചെയ്യുന്നുണ്ട്. എന്നാൽ ആധാരം എഴുത്തുകാരാരും തന്നെ പഞ്ചായത്തിന്റെ തൊഴിൽ നികുതി പിരിവിലുൾപ്പെടുന്നില്ല.

3)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്ഷീരസംഘങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തുന്നില്ല. വിവിധ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടി സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ പക്കലുണ്ടായിരുന്നിട്ടും ടി സ്ഥാപനങ്ങളെ നികുതി ചുമത്തിയില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a) മാടപ്പള്ളി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം- K130 (D)APCOS

b) ഇയ്യാലി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം- K144 (D)APCOS

c) പാലമറ്റം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം- K102 (D)APCOS

എല്ലാ സ്ഥാപനങ്ങളേയും ജീവനക്കാരേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-3-6 സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി പട്ടികയിൽ ഉൾപ്പെടുന്നില്ല.

1958 ലെ കേരള മണി ലെൻഡിംഗ് നിയമം പ്രകാരം ലൈസൻസ് നേടിയിട്ടുള്ളതും ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ നിരവധി സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3, 4 അനുശാസിക്കും പ്രകാരം റിട്ടേൺ സമർപ്പിക്കുന്നതിന് നോട്ടീസ് നടത്തി, ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഐശ്വര്യ ഫിനാൻസ്, തെങ്ങണ |
| 2 | അക്ഷയ ഫിനാൻസ്, തെങ്ങണ |
| 3 | ധനതീരം ഫിനാൻസ്, പെരുമ്പനച്ചി |
| 4 | ഏഴുപറയിൽ ഫിനാൻസ്, തെങ്ങണ |
| 5 | കെ.ബി.സി, ഫിനാൻസിയേഴ്സ്, തെങ്ങണ |
| 6 | മരിയ ഫിനാൻസിയേഴ്സ്, പെരുമ്പനച്ചി, തെങ്ങണ |
| 7 | മാതാ ഫിനാൻസിയേഴ്സ്, പെരുമ്പനച്ചി, തെങ്ങണ |
| 8 | മറ്റപ്പള്ളി ബാങ്കേഴ്സ്, തെങ്ങണ |
| 9 | പാറാശ്ശേരി ഫിനാൻസ്, തെങ്ങണ |
| 10 | ഫിലിപ്പസൺ ഫിനാൻസിയേഴസ്, മാമ്മൂട് |
| 11 | തലക്കുളത്ത് ബാങ്കേഴ്സ്, മോസ്കോ, മാടപ്പള്ളി |
| 12 | വടക്കേമുറിയിൽ ഫിനാൻസിയേഴസ്, മാമ്മൂട്, മാടപ്പള്ളി |

## 2-3-7 സ്വകാര്യ സ്കൂളുകളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ പഞ്ചായത്തിന് വരുമാനനഷ്ടം

മാമൂട് രാജീവ് ഗാന്ധി സെൻട്രൽ സ്കൂൾ, മാമൂട് മദർ തെരേസാ മെമ്മോറിയൽ പബ്ലിക്ക് സ്കൂൾ എന്നിവ 13-14 വർഷം ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ ലഭ്യമാക്കിയ 20 അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വരുമാന-റിട്ടേണുകൾ പ്രകാരം ടി സ്ഥാപനങ്ങളിലെ 20 ജീവനക്കാർക്കും 12,000 രൂപയിൽ താഴെയാണ് അർദ്ധവാർഷിക ശംബളം. ടി സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള ജീവനക്കാരെ പഞ്ചായത്ത് നികുതി ചുമത്തിയിട്ടുമില്ല. കേന്ദ്ര സർക്കാരിന്റെ ന്യൂഡൽഹി സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യൂക്കേഷന്റെ 29-07-2009 ലെ സർക്കുലർ നം 01(CBSE)AFF/Circulars 2009അഫിലിയേഷൻ നിയമാവലി ചട്ടം 3.3(v) പ്രകാരം അഫിലിയേഷനുള്ള സ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവ്വീസിൽ ഉൾപ്പെടുന്ന സ്കൂളുകളിലെ സമാന തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

സംസ്ഥാന സർക്കാർ ജി.ഒ (എം.എസ്സ്) / 202/11/G.Edn തീ.07.10.11 ആയി പുറപ്പെടുവിച്ചിട്ടുള്ള അൺ- എയിഡഡ് സ്കൂളുകൾക്ക്CBSE/ICSE അഫിലിയേഷന് സർക്കാരിൽ നിന്നുള്ള NOC ലഭിക്കുന്നതിന് സ്കൂളുകൾ പാലിക്കേണ്ട മാർഗ്ഗ

നിർദ്ദേശങ്ങൾ -7 ൽ ജീവനക്കാർക്ക് ഗവൺമെന്റ് സ്കൂളിലെ സമാന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ ശംബളവും അലവൻസും നല്കണമെന്നും ശംബളം സമാന തസ്തികയിലെ മിനിമത്തിൽ ആരംഭിക്കണമെന്നും കാലകാലങ്ങളിലെ ക്ഷാമബത്തക്കും വാർഷിക ശംബള വർദ്ധനവിനും അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മിനിമം വേതനം സംബന്ധിച്ച സർക്കാരിന്റെ ഉത്തരവ് നം - GO(Ms) No-36/2011/G.edn Dtd 14.02.2011 കാണുക.)

മേൽ ഉത്തരവുകൾ അനുസരിച്ചുള്ള വേതനം ജീവനക്കാർക്ക് നൽകിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം ഉണ്ടായി. വിഷയം സി.ബി.എസ്.സി.യുടേയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

## 2-3-8 തെങ്ങണ ഗുഡ് ഷെപ്പേർഡ് ജൂനിയർ കോളേജ് ജീവനക്കാരുടെ വേതനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് നഷ്ടം

സർക്കാർ ഉത്തരവ് നം - GO(Ms)36/11/G.Edn തീയതി 14-02-2011 പ്രകാരം 01-01-2011 മുതൽ അൺ-എയിഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം വേതനം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സൂചിത ഉത്തരവ് പ്രകാരം നിജപ്പെടുത്തിയ മിനിമം ശംബളം ചുവടെ ചുവടെ ചേർക്കുന്നു.

| | |
|---|---|
| HSA(TGT) | 6000 |
| Primary Teacher (PRT) | 5000 |

എന്നാൽ 2013-14 വർഷം തെങ്ങണ ഗുഡ് ഷെപ്പേർഡ് ജൂനിയർ കോളേജ് സമർപ്പിച്ച റിട്ടേണുകൾ പ്രകാരം ടി സ്ഥാപനത്തിലെ 221 ജീവനക്കാരിൽ നാൽപ്പതോളം പേർ സർക്കാരിന്റെ ഉത്തരവ് പ്രകാരമുള്ള ശംബളം കൈപ്പറ്റാത്തവരാണ്. വരുമാന റിട്ടേണുകൾ പ്രകാരം കുറഞ്ഞ തൊഴിൽ നികുതി ചുമത്തപ്പെട്ടവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ലാബ് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|
| 120 സ്ലാബിൽ ഉൾപ്പെട്ട ജീവനക്കാരുടെ എണ്ണം | 2 | 1 |
| 180 സ്ലാബിൽ ഉൾപ്പെട്ട ജീവനക്കാരുടെ എണ്ണം | 39 | 38 |

ഗുഡ് ഷെപ്പേർഡ് സ്കൂളിന്റെ ഔദ്യോഗിക വെബ് സൈറ്റ് പ്രകാരം അദ്ധ്യാപകർക്ക് നൽകുന്ന വേതനം താഴെ സൂചിപ്പിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| TGT(Trained Graduate Teacher) | 15000-24986 |
| Primary Teachers | 10000-20000 |

ജീവനക്കാർക്ക് കുറഞ്ഞ വേതനം ലഭിക്കാത്ത സാഹചര്യമാണുള്ളതെങ്കിൽ വിഷയം CBSE യുടെയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. തൊഴിൽ നികുതിയിൽ നഷ്ടം സംഭവിക്കുന്നുണ്ടോയെന്ന് അന്വേഷണ വിധേയമാക്കേണ്ടതാണ്.

## 2-3-9 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന, പഞ്ചായത്തിൽ നിന്നും ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് 13-14 വർഷം ലഭിച്ചിട്ടുള്ളതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പഞ്ചായത്തിന്റെ പക്കൽ ഉണ്ടായിരുന്നിട്ടും ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ നികുതി ഈടാക്കിയില്ല. (ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളിൽ ജോലിക്കു് നിയമിക്കപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമായിരുന്നു.) സ്ഥാപനങ്ങളുടെ പേരും ശമ്പളത്തിന് നിയമിക്കപ്പെട്ട ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് - ലൈസൻസ് നേടിയ വ്യക്തി | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | പാരഗൺ റബ്ബർ ട്രേഡേഴ്സ് ജോസ് .കെ.തോമസ്സ് | 13 |
| 2 | വിസാ റബ്ബർ ഇൻഡസ്ട്രീസ് , ചാക്കോ എബ്രഹാം ,പുത്തൻ പറമ്പിൽ | 7 |
| 3 | എലൈറ്റ് റബ്ബർ പ്രോഡക്റ്റ്സ് ,സിബി സെബാസ്റ്റ്യൻ കുട്ടംപേരൂർ | 8 |
| 4 | എസ്റ്റീം പ്ലൈവുഡ് ഇൻഡസ്ട്രീസ്, എം.റ്റി മാത്യു, മാറാട്ടുകുളം | 18 |
| 5 | എസ്റ്റീം റബ്ബർ പ്രൊഡക്റ്റ്സ്, എം.റ്റി മാത്യു, മാറാട്ടുകുളം | 5 |
| 6 | ഇന്റിമേറ്റ് ഓട്ടോമൊബൈൽസ്, സുനിൽ ജെയിംസ്, മുക്കട ഹൗസ്, | 16 |
| 7 | എക്സ്റ്റോൾ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ജോസഫ് കുഞ്ചെറിയ | 8 |
| 8 | തെക്കേക്കര ഐ.റ്റി സൊല്യൂഷൻസ്, സോജപ്പൻ ,തെക്കേക്കര | 20 |
| 9 | ബ്ലയിസ് സിസ്റ്റംസ് & സർവ്വീസസ്, ഷൈനി ആന്റോ, കല്ലൻ ചിറ | 6 |
| 10 | മണമേൽ ടിംബർ ഇൻഡസ്ട്രീസ്, മറിയാമ്മ വർഗ്ഗീസ്, മണമേൽ വീട് | 7 |

തൊഴിലുടമയിൽ നിന്നും കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം-14പ്രകാരം ജോലിചെയ്യുന്ന എല്ലാവരുടെയും ലിസ്റ്റ്, ശമ്പളത്തിന്റെയോ വരുമാനത്തിന്റെയോ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം ആവശ്യപ്പെട്ട് ടി തൊഴിലാളികളെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

### 2-4-1 ഡി & ഒ ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഡി & ഒ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതെ ലൈസൻസിനായി സമീപിക്കുന്നവർക്ക് മാത്രം നൽകുന്ന രീതിയാണ് ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചുവരുന്നത്. ആയതിനാൽ എല്ലാസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല
2. ജൂവലറികൾ, ഹാർഡ് വെയർ & പെയിന്റ്സ് സ്ഥാപനങ്ങൾ, ഫർണിച്ചർ വില്പന, ഹോളോബ്രിക്സ് യൂണിറ്റുകൾ,റബ്ബർവുഡ് ഇൻഡസ്ട്രീസ്, ഇലക്ട്രിക്കൽ & ഹോം അപ്ലൈൻസസ് ഷോപ്പുകൾ എന്നിങ്ങനെ താരതമ്യേന വിറ്റുവരവ് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്ന്പോലും നൂറ് രൂപ/ഇരുന്നൂറ് രൂപാ നിരക്കിൽ മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.
3. മിക്ക അപേക്ഷകളിലും ഒരുദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്തുന്ന അപേക്ഷകരോട് പോലും അതിന് ആനുപാതികമായി ഫീസ് ഈടാക്കുവാൻ ശ്രമം നടത്തുന്നില്ല. അപേക്ഷകളിൽ ഫീൽഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി റിപ്പോർട്ടും രേഖപ്പെടുത്തുന്നില്ല.
4. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളെ ഡി & ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 2-4-2 യന്ത്രത്തിന്റെകുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കുന്നില്ല.

വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 ന് അനുബന്ധമായ പട്ടിക 3 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിരശക്തി | ഈടാക്കേണ്ട തുക | ഈടാക്കിയഫീസ് | കുറവ് |
|---|---|---|---|---|
| യുണൈറ്റഡ് റബ്ബേഴ്സ് | 40 | 100 | 400 | 300 |
| പ്ലാമൂട്ടിൽ റബ്ബേഴ്സ് | 140 | 200 | 2000 | 1800 |
| ജയ്ബീ റബ്ബേഴ്സ് | 254 (മലിനീകരണ നിയന്ത്രബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) | 2000 | 2540 | 540 |
| വിസാ റബ്ബർ ഇൻഡസ്ട്രീസ് | 52 (മലിനീകരണ നിയന്ത്രബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) | 800 | 1000 | 200 |
| ആകെ കുറവ് | | | | 2840 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക അതാത് വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതും ലൈസൻസ് അപേക്ഷയിൽ കൃത്യമായ അന്വേഷണം നടത്തി യന്ത്രങ്ങളുണ്ട്. കുതിരശക്തിക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 2-4-3 ഡി & ഒ ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കുന്നില്ല

2013-14 വർഷം താഴെ പറയുന്ന ഡി &ഒ ലൈസൻസ് അപേക്ഷകരിൽ നിന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസിയുടെ വിവരം | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റുവരവ് | ചുമത്താവുന്ന പരമാവധി ഫീസ് | ചുമത്തിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ.എസ് മാധവമംഗലം | പെട്രോൾ പമ്പ് | 200000 | 4000 | 1000 | 3000 |
| 2 | തോമസ് സെബാസ്റ്റ്യൻ, ചീരംവേലിൽ | ട്രിനിറ്റി ഹാർഡ് വെയേഴ്സ് | 50000 | 1000 | 200 | 800 |
| 3 | നജീബ്.പി.എ പുതുപ്പറമ്പിൽ | ഫ്രൂട്ട് സ്റ്റാൾ | 9000 | 200 | 100 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 4 | എം.ഡി.ജോൺ, മുതിരപ്പറമ്പിൽ | ഗാലോട്ട് പ്ലാസ്റ്റിക്സ് | 50000 | 1000 | 200 | 800 |
| 5 | കെ.ജെ.ജോസഫ്, കോട്ടക്കൽ ഹൗസ് | ജോസ് ഇലക്ട്രിക്കൽസ് | 10000 | 200 | 100 | 100 |
| 6 | ജോണിക്കുട്ടി തോമസ് തൂമ്പുങ്കൽ | തൂമ്പുങ്കൽ ട്രേഡേഴ്സ് | 20000 | 300 | 100 | 200 |
| 7 | ഷാജി.സി.എ), ചങ്ങുഞ്ചേരിൽ | ഉഷാസ്ഇൻഡസ്ട്രീസ് & കെമിക്കൽസ് | 25000 | 500 | 200 | 300 |
| 8 | കെ.റ്റി.മാത്യു, തൂമ്പുങ്കൽ | മത്സ്യവ്യാപാരം | 15000 | 300 | 100 | 200 |
| | ആകെ കുറവ് | | | | | 5500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് മറുപടി ലഭ്യമാക്കിയില്ല . ആയതിനാൽ ഇത്തരത്തിൽ കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-4 പെട്രോൾപമ്പിന് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു.

ശ്രീമതി ലക്കിമോൾ.പി.ആർ, സായിറാം, എം.ജി.ആർ.എ.എഫ്.31, ആനയറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ മാമ്മൂട് പ്രവർത്തിക്കുന്ന അമ്പാടി ഫ്യൂവൽസ് എന്ന പെട്രോൾ പമ്പ് നടത്തിപ്പിനായി 2013-2014 വർഷത്തേക്ക് സമർപ്പിച്ചിട്ടുള്ള ലൈസൻസ് അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് അമ്പതിനായിരത്തിൽ താഴെ മാത്രം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാളിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 500/- രൂപയാണ് ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുള്ളത്. അപേക്ഷയിൽ ഫീൽഡ് തല ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ഇല്ല. പ്രധാന പാതയായ ചങ്ങനാശ്ശേരി-കറുകച്ചാൽ റോഡ് സൈഡിൽ സ്ഥിതി ചെയ്യുന്നതും നാല് ജീവനക്കാരുള്ളതുമായ പ്രസ്തുത പമ്പിലെ യഥാർത്ഥ വിറ്റുവരവ് കണക്കാക്കാതെ ലൈസൻസ് ഫീസ് ഈടാക്കുന്നതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുവാൻ സാധ്യതയുണ്ട്. ആയതിനാൽ ലൈസൻസ് അപേക്ഷകളിൽ കൃത്യമായി വിറ്റുവരവ് രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും പെട്രോൾ പമ്പുകൾക്ക് പരമാവധി ലൈസൻസ് ഫീസ് ചുമത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4-5 ഡി & ഒ ലൈസൻസ് നൽകിയവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ 2013-14വർഷത്തേക്ക് മുൻകൂറായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുകയും ലൈസൻസ് ഫീസ് അടക്കുകയും ചെയ്ത താഴെ പറയുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം. | ലൈസൻസിയുടെ വിവരം | സ്ഥാപനം |
|---|---|---|
| 1 | ഷാജിമാത്യു വാളിപ്ലാക്കൽ,മാമ്മൂട് | വൾക്കനൈസിംഗ് സൊല്യൂഷൻസ് |
| 2 | മാത്യു.വി.ഇ വട്ടച്ചൽ, പെരുമ്പനച്ചി | ഫ്ലവർമില്ല് |
| 3 | കെ.ഒ ബെന്നിക്കുട്ടി കരുവനാംപൊയ്കയിൽ മാമ്മൂട് | ഫ്ലവർമില്ല് |
| 4 | അന്നക്കുട്ടി ജെയിംസ്, തൃക്കോയിക്കൽ,പെരുമ്പനച്ചി | മെഡിക്കൽ ലബോറട്ടറി |
| 5 | ജോഷി ആന്റണി, വലിയപറമ്പിൽ, മാമ്മൂട് | ഹോളോബ്രിക്സ് യൂണിറ്റ് |
| 6 | കെ.സി.സ്ക്കറിയ, കുറ്റിയിൽ, പെരുമ്പനച്ചി | റൈസ് മില്ല് |
| 7 | സെബാസ്റ്റ്യൻ.കെ.കെ കൊല്ലപള്ളിയിൽ, കുറുമ്പനാടം | രേഖപ്പെടുത്തിയിട്ടില്ല |
| 8 | വിനോദ് സക്കറിയ തൂമ്പുങ്കൽ,പെരുമ്പനച്ചി | റബ്ബർവുഡ് കയർമാറ്റ് |
| 9 | തോമസ് സെബാസ്റ്റ്യൻ | ഹാർഡ് വെയർ&പെയിന്റ്സ് |

| | | |
|---|---|---|
| | ചീരംവേലിൽ, പെരുമ്പനച്ചി | |
| 10 | പി.ഡി.രവീന്ദ്രൻ,<br>പടിയറപുതുപ്പറമ്പിൽ,<br>മാടപ്പള്ളി | ഹോളോബ്രിക്സ് യൂണിറ്റ് |
| 11 | സജിമോൻ.കെ.എസ്<br>കന്മതുകളം, മാമ്മൂട് | ഫ്ലവർമില്ല് |
| 12 | വിശ്വനാഥൻ നായർ<br>വിശ്വഗീതം ,മാടപ്പള്ളി | സിമന്റ്,ടൈൽസ്,ഇലക്ട്രിക്കൽ & സാനിട്ടറി വില്പന |
| 13 | ഫിലിപ്പ് ആന്റണി<br>പുല്ലുകാട്, ചീരംചിറ | റബ്ബർവർക്ക്സ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞവരിൽനിന്നും പിഴപലിശയുൾപ്പെടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

പഞ്ചായത്തിന്റെ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല. അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിൽ രജിസ്റ്ററിൽ ചേർക്കുന്നില്ല. പ്രസ്തുത രജിസ്റ്ററിൽ പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തുന്നത്.തന്മൂലം എന്ന് നിർമ്മാണം പൂർത്തീകരിച്ചു, കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ പെർമിറ്റ് നൽകാത്തവയുടെ കാര്യത്തിലുള്ള തുടർനടപടികളുടെ വിവരങ്ങളും മറ്റ് ഏജൻസികളുടെ ക്ളിയറൻസ് ലഭിക്കുന്നതിന് അയയ്ക്കുന്ന ഫയലുകളുടെ തുടർ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല .

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പൂർണ്ണമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക--അപാകതകൾ

വാടക സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ VIII/600(1)(2)(3) നമ്പർ മുറികളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിന്റ വാടക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. ഇപ്രകാരം 2013-14 വർഷം വാടക യഥാസമയം അടയ്ക്കാത്തതിനാൽ കോട്ടയം ബി.എസ്.എൻ.എൽ അസി.ജനറൽ മാനേജർക്ക്താഴെ ചേർക്കുന്ന വിശദാംശങ്ങളോടുകൂടി ആർ.ആർ. ഡിമാന്റ് നോട്ടീസ് അയച്ചിരുന്നു.

ഒന്നാം ഭാഗത്തിന്റെ വാടക (VIII/600(1) & (2) - 9960

രണ്ടാം ഭാഗത്തിന്റെ വാടക (VIII/600(3))- 5640

പിഴപലിശ - 2023

നോട്ടീസ് നടത്തുന്നതിനുള്ള ചെലവ് - 25

ആകെ - 17653

എന്നാൽ ഇതിൽ പിഴപലിശ ഒഴിവാക്കിയ തുയായ 15600/- (ചെക്ക് നം.221987/19.04.2014) രൂപാ മാത്രമേ ബി.എസ്.എൻ.എൽ അടവാക്കിയതായി കാണുന്നുള്ളു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22 ന് മറുപടി ലഭ്യമാക്കിയില്ല. പിഴപ്പലിശയിനത്തിൽ നഷ്ടം വന്ന 2023 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രസ്തുത കെട്ടിടത്തിന്റെ തന്നെ VIII/600(4) നമ്പർ മുറിയും പുറകിലുള്ള ഷെഡ്ഡും 1998-99 മുതൽ ടെലികോ ഡിപ്പാർട്ട്മെന്റിന് വിട്ടുനൽകിയിട്ടുണ്ടെങ്കിലും സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ മുറിയുടെയും ഷെഡ്ഡിന്റേയും വാടക ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി കെട്ടിടങ്ങളെ എഗ്രിമെന്റിൽ ഉൾപ്പെടുത്തി കുടിശ്ശിക സഹിതം വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണ്

1997ലെ കേരള പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രിയും സ്വകാര്യപാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെങ്ങണ, മാമ്മൂട് എന്നിവിടങ്ങളിലായി ധാരാളം ക്ലിനിക്കുകൾ,ലബോറട്ടറികൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഞ്ച് സ്ഥാപനങ്ങൾ മാത്രമാണ് 2013-14 വർഷം പ്രസ്തുത രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചുവരുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പയ്യമ്പള്ളിൽ നേഴ്സിംഗ് ഹോം

2.മേഴ്സിനേഴ്സിംഗ് ഹോം

3.സ്മയിൽ & കെയർ ഡന്റൽ കെയർ,തെങ്ങണ

4.സൂര്യഹോമ്യോപതിക്&സ്പെഷ്യാലിറ്റി ക്ലിനിക്,തെങ്ങണ

5.വെട്ടിയിൽ ഡെന്റൽ ക്ലിനിക്,തെങ്ങണ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25 ന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും മേൽ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും രജിസ്ട്രേഷനില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-8 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നില്ല

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ടേഷൻ)ചട്ടങ്ങളിലെ ചട്ടം 3(1)പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല . എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രസ്തുത രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നതായി കാണുന്നു.

1. നന്ദ ട്യൂഷൻ സെന്റർ
2. ബിസ്വാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് സ്റ്റഡീസ്, പെരുമ്പനച്ചി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20 ന് മറുപടി ലഭ്യമാക്കിയില്ല മേൽ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷനില്ലാതെ യാതൊരു ട്യൂട്ടോറിട്ടോറിയൽ സ്ഥാപനവും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മൊബൈൽ ഫോൺ-CUG സംവിധാനം- അധിക തുക നൽകി

ജി.ഒ.(എം.എസ്) 149/2011 /ത.സ്വ.ഭ.വ. തീ. 22.7.11 പ്രകാരം പഞ്ചായത്ത് പ്രസിഡന്റിനെയും, ജി.ഒ. (എം.എസ്) 16 /12ത.സ്വ.ഭ.വ. 23.1.12 പ്രകാരം പഞ്ചായത്ത് വൈസ് പ്രസിഡന്റിനെയും സെക്രട്ടറിയെയും സി.യു.ജി സംവിധാനത്തിൽ പ്ലാൻ -149 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം ടെലിഫോൺ ചാർജ്ജിനത്തിൽ നല്കാവുന്നപരാമവധി തുക 167 രൂപ (149+ടാക്സ്+സെസ്) മാത്രമാണ്. പ്രതിമാസ തുകയിൽ അധികം വരുന്ന ചെലവ് നിർബന്ധമായും ബന്ധപ്പെട്ട വ്യക്തികൾ തന്നെ വഹിക്കണമെന്ന് ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്,സെക്രട്ടറി എന്നിവരുടെ ടെലഫോൺ ചാർജ്ജ് പരിധിയിൽ കവിഞ്ഞ് നൽകിയതായി കാണുന്നു.

പ്രസിഡന്റിന് അർഹമായ ടെലിഫോൺ അലവൻസ് 500/- രൂപ പഞ്ചായത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാൽ പരിധിയിൽ കവിഞ്ഞ് പഞ്ചായത്ത് പ്രസിഡന്റിന് നൽകിയ തുക അംഗീകരിക്കുന്നു. എന്നാൽ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| | വൈസ് പ്രസിഡന്റ് | | | |
| 1 | 45/4-13 തീ.26-04-2013 | 3/13 | 500 | 333 |
| 2 | 55/5-13 തീ.21-05-2013 | 4/13 | 500 | 333 |
| 3 | 198/6-13 തീ.24-06-2013 | 5/13 | 500 | 333 |
| ആകെ | | | | ₹999 |
| | സെക്രട്ടറി | | | |
| 4 | 44/4-13 തീ.26-04-2013 | 3/13 | 260 | 93 |
| 5 | 53/5-13 തീ.21-05-2013 | 4/13 | 269 | 102 |
| 6 | 199/6-13 തീ.24-06-2013 | 5/13 | 278 | 111 |
| ആകെ | | | | ₹306 |

ടെലഫോൺ ചാർജ്ജിനത്തിൽ ഇപ്രകാരം അധികം നല്കിയ ₹1305 രൂപ ഉത്തരവാദിയായ സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 വിൻഡോ പരസ്യം-നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ-പാലിച്ചില്ല

പൊതുഭരണ (ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് --ഡി-വകുപ്പ് സ.ഉ (അച്ചടിച്ചത്) 01/04/ഐ ആന്റ് പി ആർ തീ 01.01.2004, സർക്കുലർ 7441/ഡി-1/04- ഐ ആന്റ് പി ആർ 21.06.2004 എന്ന ഉത്തരവ്/സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പി.ആർ.ഡി വഴിയല്ലാതെ ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനു നൽകുമ്പോൾ മൂന്ന് സെന്റീമീറ്റർ x രണ്ട് കോളം വലിപ്പമുള്ള വിൻഡോ പരസ്യം തയ്യാറാക്കി പത്രങ്ങൾക്കു നൽകേണ്ടതും പൂർണ്ണ രൂപത്തിലുള്ള പരസ്യം അതത് ഓഫീസുകളിൽ ലഭ്യമാക്കേണ്ടതുമാണ്. 2013-14 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുബന്ധമായി പത്രപരസ്യം നൽകിയതിന് മേൽസൂചിത സർക്കാർ ഉത്തരവിലെ/സർക്കുലറിലെ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. സർക്കാർഉത്തരവ് പ്രകാരം വിൻഡോ പരസ്യങ്ങൾ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലന പദ്ധതി-ചെലവ്തുക തടസ്സപ്പെടുത്തുന്നു.

2013-14 വർഷം വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനപദ്ധതിയ്ക്കായി വികസനഫണ്ട് പൊതുവിഭാഗം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽനിന്നും 3,12,500 രൂപ വീതം ( D.D നമ്പറുകൾ.790185, 790186 /10.01.14) ആകെ 625000 രൂപ അസി.ഡയക്ടർ കാഫ് ഫീഡ് സബ്സിഡി, കോട്ടയത്തിന് നൽകിയിട്ടുണ്ട് ( 100 ഗുണഭോക്താക്കൾക്ക് 6,250രൂപ നിരക്കിൽ). എന്നാൽ കന്നുകുട്ടികളെ എന്റോൾ ചെയ്തതിന്റെ വിശദാംശങ്ങൾ, അടവാക്കിയതുകയുടെ

വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 6,25,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 റോഡ് പ്രവൃത്തി--പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകത

2013-14 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പുരയ്ക്കൽപാടി-വട്ടച്ചാൽ റോഡ് മെയിന്റനൻസ് വാർഡ്-10 എന്ന പ്രവൃത്തിയിൽ ഡ്രൈനബിൾ പായ്ക്ക് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പ്രവൃത്തി ചെയ്യുന്നത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.12 ലെ ഡി.ബി.4-7462.12 സി.ഇ.തസ്വഭ കത്ത് പ്രകാരം റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി.സ്പെസിഫിക്കേഷൻ പാലിക്കേണ്ടതാണ്. പ്രസ്തുത രീതിയിൽ പ്രവൃത്തി ചെയ്തതിന് കാരണമായി എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിരിക്കുന്നത് റോഡിന്റെ ചില ഭാഗങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നു എന്നതാണ്. മേൽ സൂചിത സാഹചര്യങ്ങളിൽ റോഡിന്റെ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ മണ്ണിന്റെ ഘടനയ്ക്കനുസരിച്ച് സബ് ഗ്രേസ് ബലപ്പെടുത്തേണ്ടതാണ്. വെള്ളം ഒഴുകി പോകുന്നതിനുള്ള ഡ്രൈനേജും നിർമ്മിക്കേണ്ടതാണ്. സബ്ഗ്രേസ് സോയിലിന്റെ ബേറിംഗ് കപ്പാസിറ്റി കുറവാണെങ്കിൽ ആയത് സ്ട്രെങ്ത്തൺ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല എന്ന് എഞ്ചിനീയറിംഗ് വിഭാഗം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 വിനിയോഗ വിവരങ്ങളില്ല--ചെലവ് തുക തടസ്സപ്പെടുത്തുന്നു

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് തുക (₹) | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ഡി.ഡി.നം. |
|---|---|---|---|---|
| 1/14 | എസ്.എസ്.എ.വിഹിതം | 6,92,359 | എസ്.എസ്.എ., പ്രോജക്ട് ഓഫീസ്, കോട്ടയം | 546184/08.03.14 |
| 3/14 | ഐ.എ.വൈ. വിഹിതം-ജനറൽ | 5,00,000<br>6,94,625<br>11,94,625 | ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 546183/10.09.13<br>546407/01.10.13 |
| 4/14 | ഐ.എ.വൈ. വിഹിതം (എസ്.സി.പി.) | 2,61,250 | ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 546181/10.09.13 |
| 160/14 | ഐ.എ.വൈ. വിഹിതം-ജനറൽ | 10,00,000 | " | 896295/02.04.14 |
| 161/14 | ഐ.എ.വൈ. വിഹിതം (എസ്.സി.പി.) | 12,50,000 | " | 896297/02.04.14 |
| ആകെ | | 43,98,234 | | |

ആകെ തടസ്സപ്പെടുത്തിയ തുക 43,98,234/- രൂപയുടെ വിനിയോഗ വിവരങ്ങൾ (വിശദാംശങ്ങൾ സഹിതം) ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2013-14 വർഷം പഞ്ചായത്തിലെ 226 പേർക്ക് പുതിയതായി തൊഴിൽകാർഡ് നൽകി. പഞ്ചായത്തിലെ 20 വാർഡുകളിലുള്ള 213 അയൽക്കൂട്ടങ്ങളിൽ 183 എണ്ണം പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തയ്യാറാക്കിയ 147പ്രവൃത്തികളിൽ 136 എണ്ണം പൂർത്തിയാക്കി.മഴക്കുഴി നിർമ്മാണം, തെങ്ങിന് തടമെടുക്കൽ,കോണ്ടൂർ ബണ്ട്, റബ്ബറിന് പ്ലാറ്റ് ഫോം നിർമ്മാണം, തോട് ആഴം കൂട്ടൽ ,വൃക്ഷതൈ വച്ച് പിടിപ്പിക്കൽ എന്നീ തരം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. 704കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 32647 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.ശരാശരി 46 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 46കുടുംബങ്ങൾക്ക് 100 ദിനങ്ങൾ തൊഴിൽ ലഭിച്ചു.

പദ്ധതി പ്രകാരമുള്ള വരവു ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 26,823 |
| വരവ് | 44,85,860 |
| പലിശ്ശ വരവ് | 12,326 |
| ആകെ | 45,25,009 |

| | |
|---|---|
| ചെലവ് | 44,81,718 |
| നീക്കിയിരിപ്പ് | 43,291 |

# ഭാഗം-4

# ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ | 4763902 | 26683791 | 31447693 | 26700052 | 4747641 |
| ബി | 00 | 9134837 | 9134837 | 9134837 | 00 |
| സി | 1928455 | 8232000 | 10160455 | 10010426 | 150029 |
| ഡി | 2691193 | 14824696 | 17515889 | 11231603 | 6284286 |
| ഇ | 26823 | 2547526 | 2574349 | 2531058 | 43291 |
| എഫ് | --- | --- | --- | --- | --- |
| ജി | --- | --- | ---- | --- | ---- |
| ആകെ | 9410373 | 61422850 | 70833233 | 59607976 | 11225247 |

**വാർഷിക കണക്കുകളുടെ അവലോകനം**

1)ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B7പത്രികയിൽ നല്കിയിട്ടുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

2)ആസ്തിയുടെ വിവരങ്ങൾ മുൻ വർഷത്തേതുൾപ്പെടെ ക്രോഡീകരിച്ച് B-11 ൽ ഉൾപ്പെടുത്തിയിട്ടില്ല.

3)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങളുടെ മൂല്യം ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.B 14 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) B-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം 71,14,100/- രൂപ ആണെങ്കിലും സ്ഥാപനം സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപങ്ങളുടെ 31.03.14 ലെ ബാലൻസ് 74,58,658/- രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

**നീക്കിയിരിപ്പിന്റെ വിശദാംശം (വാർഷിക കണക്കുകൾ പ്രകാരം)**

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| തനതുഫണ്ട് (മാടപ്പള്ളി എസ്.സി.ബി) | | 28,05,455.10 |
| കെ.ഡി.സി.ബി | | 1,053 |
| വി.പി.എഫ്.എ I | | 3382891 |
| എസ്.ബി,റ്റി സ്പെഷ്യൽ ഫണ്ട്സ് ഒ.എ.പി | | 10469 |
| എസ്.ബി.റ്റി എസ്.എസ്എ . | | 16,547 |
| കാനറ ബാങ്ക് (എൻ.ആ.ഇ.ജി.എ) | | 43291 |
| എസ്.സി.ബി(സാക്ഷരത) | | 178 |
| വി.പി.എഫ്.എ II | | 1352976 |
| വി.പി.എഫ്.എ III | | 150029 |

| | | |
|---|---|---|
| വി.പി.എഫ്.എIV സി.എഫ്.അവാർഡ് ഗ്രാന്റ് | | 210977 |
| വി.പി.എഫ്.എ V KLGSDP ഗ്രാന്റ് | | 1429911 |
| വി.പി.എഫ്.എ II 2 | | 1389989 |
| വി.പി.എഫ്.എ II 3 | | 363788 |
| ക്യാഷ് | | 67693 |
| ആകെ | | 11225247 |

## 4-2 ഓഡിറ്റ് റിക്കവറി : ഇല്ല

## 4-3 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61422850 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59607976 |
| വരവിനങ്ങളിലുള്ള നഷ്ടം | 10363 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1305 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4398239 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം :**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 1305 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |
| 2-4-2 | 2840 | | " |
| 2-4-3 | 5500 | | " |
| 2-6 | 2023 | | " |
| ആകെ | 10363 | 1305 | |

**സി) തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 4398234 | ശ്രീ.പി.വി.മാത്യു, സെക്രട്ടറി |

**ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം :ഇല്ല**

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം ) ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.പി.വി.മാത്യു, സെക്രട്ടറി | സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | പാറയ്ക്കൽ, വെരൂർ പി.ഒ, വടക്കേക്കര, ചങ്ങനാശേരി |

**ജി) ഓഡിറ്റ് സംഗ്രഹം**

ഓഡിറ്റ് വേളയിൽ ആകെ 26 എൻക്വയറികൾ നല്കിയിരുന്നതിൽ 7 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിരുന്നു.

## 4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.കെ.പി 8/334/08/31.03.09 |
| 96-97ചെലവ് | എൽ.എഫ്.കെ.പി 3/209/98/02.05.98/10.03.2000 |
| 99-2000 | എൽ.എഫ്.കെ.പി 3/265/14/അദാ/14 (2)/07.06.14 |
| 2000-2001 | എൽ.എഫ്.കെ.പി8/609/03/06.04.04 |

| | |
|---|---|
| 2001-2002 ചെലവ് | എൽ.എഫ്.കെ.പി-3/265/14അദാ/14 (4)/07.06.14 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി 8/680/05/14.12.05/28.02.06 |
| 2003-04 | എൽ.എഫ്.കെ.പി 8/463/06/11.10.06/15.12.06 |
| 2004-05 | എൽ.എഫ്.കെ.പി 8/780/09/03.08.10 |
| 2005-06 | എൽ.എഫ്.കെ.പി /781/09/02.02.11/07.06.11 |
| 2006-07 | എൽ.എഫ്.കെ.പി 3/331/13/09.05.13/18.05.13 |
| 2007-08 | എൽ.എഫ്.കെ.പി 3/1595/11/17.09.12 |
| 2008-09 | എൽ.എഫ്.കെ.പി3/622/12/16/16.05.13 |
| 2009-10 | എൽ.എഫ്.കെ.പി3/709/13/05.07.13 |
| 2010-11 | എൽ.എഫ്.കെ.പി3/843/2013/14.08.13 |
| 2011-12 | എൽ.എഫ്.കെ.പി3/1291/2013/27.12.13 |
| 2012-13 | എൽ.എഫ്.കെ.പി1.3/1578/14/21.04.15 |

## 4-5 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

**എ) ചാർജ് / സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം**

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് നഷ്ടം | ചാർജ് നോട്ടീസ് റെഫറൻസ് നമ്പർ/ തീയതി | സർചാർജ് നോട്ടീസ് റെഫറൻസ് നമ്പർ/ തീയതി | നോട്ടീസ് പ്രകാരമുള്ള തുക | അടവാക്കിയ തുക | അടവാക്കിയ ആളുടെ പേരും രസീത് നമ്പറും തീയതിയും | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ഇല്ല | | | | |

**ബി) ചാർജ് / സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം**

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് നഷ്ടം | ചാർജ് സർട്ടിഫിക്കറ്റ് റെഫറൻസ് നമ്പർ/ തീയതി | സർചാർജ് സർട്ടിഫിക്കറ്റ് റെഫറൻസ് നമ്പർ/ തീയതി | സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | അടവാക്കിയ തുക | അടവാക്കിയ ആളുടെ പേരും രസീത് നമ്പറും തീയതിയും | ബാക്കി | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | ഇല്ല | | | | | |

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2013-14ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ 4-1 ൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ വരവുചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതായി അഭിപ്രായപ്പെടുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

ഡെപ്യൂട്ടിഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസ്, കോട്ടയം